# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .169

04.02.13-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ പി. തിലോത്തമൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ നിലവിലുള്ള പ്രവർത്തനം വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം ലഭ്യമായി എന്നു വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കും അതിനുവേണ്ടി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കടാശ്വാസത്തിനായി സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കടാശ്വാസ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പരിശോധന നടത്തിയും സിറ്റിംഗ് നടത്തിയും കടാശ്വാസത്തിന് അർഹരായവരെ കണ്ടെത്തി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക എന്നതാണ് കടാശ്വാസ കമ്മീഷന്റെ പ്രധാന പ്രവർത്തനം. ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതും 1969 ലെ കേരള കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി ആകെ 49,70,20,294 രൂപ 31/03/2012 ന് ഫിഷറീസ് ഡയറക്ടർ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ സമർപ്പിക്കുന്നു. |

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 1362 | 7,91,03,438 |
| 2 | കൊല്ലം | 2906 | 7,86,82,724 |
| 3 | ആലപ്പുഴ | 3432 | 12,17,20,719 |
| 4 | കോട്ടയം | 1627 | 3,70,98,220 |
| 5 | കോഴിക്കോട് | 2144 | 7,79,03,610 |

| | | | |
|---|---|---|---|
| 6 | തൃശ്ശൂർ | 2426 | 5,87,33,032 |
| 7 | കണ്ണൂർ | 1832 | 4,36,89,242 |
| 8 | കാസർ ഗോഡ് | 9 | 89,939 |
| | ആകെ | 15,738 | 49,70,20,294 |

മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളി സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 308 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി മത്സ്യഫെഡിന് 35,95,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഗുണ ഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 13 | 6,38,656 |
| 2 | കൊല്ലം | 33 | 8,52,855 |
| 3 | ആലപ്പുഴ | 67 | 8,50,692 |
| 4 | കോട്ടയം | 5 | 31,828 |
| 5 | എറണാകുളം | 3 | 7,444 |
| 6 | തൃശ്ശൂർ | 9 | 3,52,873 |
| 7 | മലപ്പുറം | 6 | 2,18,419 |
| 8 | കോഴിക്കോട് | 18 | 1,37,674 |
| 9 | കണ്ണൂർ | 2 | 52,250 |
| 10 | കാസർ ഗോഡ് | 152 | 4,52,309 |
| | ആകെ | 308 | 35,95,000 |

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കമ്മീഷൻ 10,206 പേർക്ക് കൂടി കടാശ്വാസത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ബാങ്ക് വായ്പ എടുത്ത് തൊഴിലുപകരണങ്ങളും വള്ളങ്ങളും വാങ്ങിയ മത്സ്യത്തൊഴിലാളികൾ പ്രകൃതിക്ഷോഭത്തിൽ തൊഴിലുപകരണങ്ങളും വള്ളങ്ങളും, നഷ്ടപ്പെടുകയും ബാങ്ക് വായ്പയുടെ പേരിൽ റിക്കവറി നടപടികൾ നേരിടുകയും ചെയ്യുന്ന സന്ദർഭത്തിൽ അവരെ | (ബി) | തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനായി 31/12/2007 വരെ മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിന്മേൽ ജപ്തി നടപടികൾ നിർത്തി വച്ച് കൊണ്ടുള്ള മോറട്ടോറിയം 31/12/2013 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| (സി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സജീവമാകുന്നതുവരെയും മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മോറൊട്ടോറിയം പ്രഖ്യാപിക്കുവാൻ നടപടിയെടുക്കുമോ; | (സി) | 31/12/2013 വരെ മോറട്ടോറിയം ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ആലപ്പുഴജില്ലയിൽ അരൂർ 617-ാം നമ്പർ സഹകരണ സംഘം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് വായ്പ ആനുകൂല്യങ്ങൾ നൽകാത്തതു എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ? | (ഡി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗീകരിച്ച പട്ടിക 1 പ്രകാരമുള്ള പരിശോധന റിപ്പോർട്ടിൽ അരൂർ 617 -ാം നം. സഹകരണ സംഘം നൽകിയ അർഹരായ വായ്പക്കാരുടെ പേര് ഉൾപ്പെട്ടിരുന്നില്ല. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗീകരിച്ച പട്ടിക II,III പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി ടി സംഘത്തിലെ അർഹരായ വായ്പക്കാർക്കും തുക അനുവദിക്കുന്ന മുറയ്ക്ക് കടാശ്വാസം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ